കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ചെങ്കള ഗ്രാമപഞ്ചായത്ത്- പുതിയ ബൊലേറോ ജീപ്പ് വാങ്ങുന്നതിന് അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം: 2992/11/തസ്വഭവ** **തിരുവനന്തപുരം, തീയതി: 16.12.2011**

---

പരാമർശം:- ചെങ്കള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2011 ലെ എ1- 4382/11 നമ്പർ കത്ത്

**ഉത്തരവ്**

ചെങ്കള ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിലുള്ള അംബാസിഡർ കാറിന് മെയിന്റനൻസ് ഇനത്തിൽ വലിയ തുക ചെലവഴിക്കേണ്ടി വരുന്നതുകൊണ്ട് 2011-12 വർഷത്തെ പദ്ധതിയിൽ 8 ലക്ഷം രൂപ വകയിരുത്തി പഞ്ചായത്തിന് പുതിയ ബൊലേറോ ജീപ്പ് വാങ്ങുന്നതിന് അനുമതിക്കായി പരാമർശ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ നിലവിൽ ഉപയോഗത്തിലുള്ള ജീപ്പ് കണ്ടം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം 2011-12 വർഷം വകയിരുത്തിയിട്ടുള്ള 8 ലക്ഷം രൂപ (എട്ട് ലക്ഷം രൂപ) വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**വി. ശോഭ**
**അഡീഷണൽ സെക്രട്ടറി**

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ചെങ്കള ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**